**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.967 05.03.2020-ൽ മറുപടിയ്ക്ക്**

## പാലങ്ങൾക്കും കെട്ടിടങ്ങൾക്കും മിനിമം ഗ്യാരന്റി കാലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | പുതുതായി നിർമ്മിക്കുന്ന പാലങ്ങൾക്കും കെട്ടിടങ്ങൾക്കും അഞ്ച് വർഷം മിനിമം ഗ്യാരന്റി നൽകണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | 25/11/2019 ലെ ജി.ഒ(പി) നം. 161/2019/ധന. പ്രകാരം പുതുതായി നിർമ്മിക്കുന്ന പാലങ്ങൾക്കും കെട്ടിടങ്ങൾക്കും മിനിമം ഗ്യാരന്റി പീരിഡ് 5 വർഷമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | ഗ്യാരന്റി പിരീഡിൽ പ്രസ്തുത പാലങ്ങൾക്കും കെട്ടിടങ്ങൾക്കും എന്തെങ്കിലും കേടുപാടുണ്ടായാൽ നഷ്ടപരിഹാരം കരാറുകാരിൽ നിന്നും ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഒരു പദ്ധതി ഡിഫക്ട് ലയബിലിറ്റി പീരിഡിനുള്ളിൽ തകരാറിലായാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതാണ്. കരാറുകാരൻ തകരാറ് പരിഹരിക്കുന്നതിന് വീഴ്ച വരുത്തിയാൽ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും പിഴ ഈടാക്കുവാൻ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം വ്യവസ്ഥയുണ്ട്. |
| (സി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മറ്റ് നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്ക് ഡിഫക്ട് ലയബിലിറ്റി പിരീഡ് നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | വിവിധ മരാമത്ത് പ്രവൃത്തികളുടെ ഡിഫക്ട് ലയബിലിറ്റി പീരിഡ് 25/11/2019 ലെ ജി.ഒ.(പി).നം. 161/2019/ധന. പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.<br>ദേശീയപാതാ വിഭാഗത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നത് കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ്. നിലവിൽ 5 കോടി രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളും EPC mode ൽ ആണ് നടപ്പിലാക്കുന്നത്. ഈ വിധത്തിൽ നടപ്പിലാക്കുന്ന പീരിയോഡിക്കൽ റിന്യൂവൽ പ്രവൃത്തികൾക്ക് 3 വർഷം ഡിഫക്ട് ലയബിലിറ്റി പീരിഡും ഫ്ളെക്സിബിൾ പേയ്മെന്റിൽ നിർമ്മിക്കുകയോ, സ്ട്രെങ്ത്തനിംഗ് നടത്തുകയോ ചെയ്യുന്ന പ്രവൃത്തികൾക്ക് 5 വർഷം ഡിഫക്ട് ലയബിലിറ്റി പീരിഡും ഉണ്ട്. |

പെർപെക്ച്വൽ ഡിസൈൻ പ്രകാരം നിർമ്മിക്കുന്ന പേവ്മെന്റുകൾക്കും റിജിഡ് പേവ്മെന്റ് കൊണ്ട് നിർമ്മിക്കുന്ന ഹൈവേകൾക്കും സ്റ്റാൻഡ് എലോൺ ആയി നിർമ്മിക്കുന്ന പാലങ്ങൾക്കും 10 വർഷം ഡിഫക്റ്റ് ലയബിലിറ്റി പീരിഡ് ഉണ്ട്. മറ്റ് പ്രവൃത്തികൾക്ക് 40 എം.എം ൽ കൂടുതൽ കനത്തിൽ ടാർ ചെയ്യുമ്പോൾ 3 വർഷം ഡിഫക്റ്റ് ലയബിലിറ്റി പീരിഡും അതിൽ കുറവ് കനമുള്ളവയ്ക്ക് 1 വർഷവുമാണ് ഡിഫക്റ്റ് ലയബിലിറ്റി പീരിഡ്.

സെക്ഷൻ ഓഫീസർ